പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7046 — 2/11/2011-ൽ മറുപടിക്ക്

# ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

ചോദ്യം

ശ്രീ. റ്റി.എ.അഹമ്മദ് കബീർ
ശ്രീ.പി.കെ. ബഷീർ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്ക-
സമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന മാർഗ്ഗവും മാനദണ്ഡവും സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | ഗ്രാമസഭാ ലിസ്റ്റിൽ നിന്നും അർഹത പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ ധനസഹായം അനുവദിക്കുന്നു. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത പഞ്ചായത്തുകളിൽ വകുപ്പിന്റെ വിവരശേഖരണ ലിസ്റ്റിൽ നിന്നും അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നു. വിവരശേഖരണ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ ലഭ്യമാകാത്ത സന്ദർഭങ്ങളിൽ പത്ര മാദ്ധ്യമങ്ങളിൽ കൂടി പരസ്യം നൽകി ലിസ്റ്റ് തയ്യാറാക്കി അർഹതയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങുന്നതും സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്തതുമായ കുടുംബം.<br>2. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അവിവാഹിതരായ മക്കളും അടങ്ങുന്ന സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്ത |

| | | | |
|---|---|---|---|
| | | | തുമായ കുടുംബം.<br>3. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും (ഭാര്യാ ഭർത്താക്കളിൽ ഒരാൾ മരണമടയുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്തശേഷം) അവരുടെ അവിവാഹിതരായ മക്കളുമായി താമസിക്കുന്ന സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്തതുമായ കുടുംബം.<br>4. സർക്കാരിൻെറയോ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയോ അധീനതയിലുള്ളതും പതിച്ചു കിട്ടാൻ സാധ്യതയില്ലാത്തതുമായ റോഡ് പുറമ്പോക്ക്, തോടിൻെറയും ആറ്റിൻെറയും കരയോട് ചേർന്ന പുറമ്പോക്ക്, റയിൽവേ പുറമ്പോക്ക് തുടങ്ങിയ നാല് സെൻേറാ അതിൽ കുറവോ ഉള്ള ഭൂമിയിൽ താമസിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള കുടുംബങ്ങൾ. |
| (ബി) | ഈ പദ്ധതി പ്രകാരം സഹായം ലഭിക്കേണ്ടവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിൽ അവരുടെ കണക്ക് വെളിപ്പെടുത്താമോ; | (ബി) | ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കുന്നത് അതാത് ഗ്രാമപഞ്ചായത്തിൻെറ ഉത്തരവാദിത്വത്തിലാണ്. ഗ്രാമസഭയാണ് മുൻഗണനാടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ കണക്ക് ശേഖരിച്ച് വെളിപ്പെടുത്തുന്നതാണ്. |
| (സി) | ഈ പദ്ധതി പ്രകാരം ഭൂമി നൽകി വീട് നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടും വീട് നിർമ്മിക്കാതിരുന്നവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വീട് നിർമ്മിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (സി) | ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടും വീട് നിർമ്മിക്കാതിരുന്നവരുടെ വിവരം ശേഖരിച്ചു വരുന്നു. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ വിലവർദ്ധനവും, നിർമ്മാണ മേഖലയിലുണ്ടായ വർദ്ധിച്ച കൂലിച്ചെലവും ആണ് വീട് നിർമ്മാണം പൂർത്തീകരിക്കാത്തതിൻെറ പ്രധാന കാരണം. |

| | | | |
|---|---|---|---|
| (ഡി) | ഭവന നിർമ്മാണ ഏജൻസികൾ മുഖേന നടപ്പാക്കിയ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാകാതെ ശേഷിക്കുന്നുണ്ടോ; എങ്കിൽ അതിൻെറ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | 2006-07 വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കിയതിൽ 485 വീടുകളാണ് ഇനി പൂർത്തിയാക്കാനുള്ളത്. |
| (ഇ) | ഒന്നിലേറെ തവണ സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് ഒരു സമഗ്ര അവലോകനം നടത്തുമോ? | (ഇ) | ഇല്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ